**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 392** **10-02-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ദേശസാൽകൃത ബാങ്കുകളിൽ ഭൂരിഭാഗവും വിദ്യാഭ്യാസ വായ്പകൾ നൽകുന്നതിൽ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ദേശസാൽകൃത ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ നൽകുന്നതിൽ വിമുഖത കാണിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആവശ്യമായ രേഖകൾ സമർപ്പിച്ച അർഹരായ അപേക്ഷകർക്കെല്ലാം ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നൽകുന്നുണ്ട്. വിദ്യാഭ്യാസ വായ്പ ലഭിക്കാത്തതുമായി ബന്ധപ്പെട്ട് സർക്കാരിൽ ലഭിക്കുന്ന പരാതികൾ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി അവ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാറുണ്ട്. അർഹരായ വിദ്യാർത്ഥികൾക്ക് മതിയായ കാരണങ്ങൾ ഇല്ലാതെ വായ്പ നിഷേധിക്കുന്ന തരത്തിലുള്ള സാഹചര്യങ്ങളുണ്ടായാൽ പരാതിപ്പെടാനും നീതിപൂർവ്വമായ തീരുമാനങ്ങൾ നേടിയെടുക്കാനും റിസർവ് ബാങ്ക് ഓംബുഡ്സ്മാൻ, വ്യക്തിഗത ബാങ്കുകളിലെ പരാതിപരിഹാര സെല്ലുകൾ തുടങ്ങിയ സംവിധാനങ്ങളും നിലവിലുണ്ട്. |
| (ബി) | ഉന്നതവിദ്യാഭ്യാസം ആഗ്രഹിച്ച് പഠനം ആരംഭിച്ച കുട്ടികളിൽ പലരും ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടും വായ്പ ലഭിക്കാതെ വിദ്യാഭ്യാസം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടതായ സ്ഥിതിവിശേഷം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മാനസികപ്രയാസങ്ങൾ അടക്കമുള്ള ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നിരിക്കെ പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ദേശസാൽകൃത ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ നൽകുന്നതിൽ വിമുഖത കാണിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആവശ്യമായ രേഖകൾ സമർപ്പിച്ച അർഹരായ അപേക്ഷകർക്കെല്ലാം ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നൽകുന്നുണ്ട്. വിദ്യാഭ്യാസ വായ്പ ലഭിക്കാത്തതുമായി ബന്ധപ്പെട്ട് സർക്കാരിൽ ലഭിക്കുന്ന പരാതികൾ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി അവ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാറുണ്ട്. അർഹരായ വിദ്യാർത്ഥികൾക്ക് മതിയായ കാരണങ്ങൾ ഇല്ലാതെ വായ്പ നിഷേധിക്കുന്ന തരത്തിലുള്ള സാഹചര്യങ്ങളുണ്ടായാൽ പരാതിപ്പെടാനും നീതിപൂർവ്വമായ തീരുമാനങ്ങൾ നേടിയെടുക്കാനും |

| | | | |
|---|---|---|---|
| | | | റിസർവ് ബാങ്ക് ഓംബുഡ്സ്മാൻ, വ്യക്തിഗത ബാങ്കുകളിലെ പരാതിപരിഹാര സെല്ലുകൾ തുടങ്ങിയ സംവിധാനങ്ങളും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ